**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5300** **15-03-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾ മുറ്റത്ത് പച്ചക്കറി കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന കൃഷി വകുപ്പ് വിദ്യാലയങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജൈവ പച്ചക്കറി ഉല്പാദിപ്പിച്ച് പൊതു വിപണിയിലൂടെ വിൽപ്പന നടത്തി, ലാഭവിഹിതം വിദ്യാലയത്തിനും എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ, എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) | പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി സ്കൂളുകളിലും സ്ഥാപനങ്ങളിലും, പ്രോജക്ട് അടിസ്ഥാനത്തിൽ സഹായം നൽകി പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള ഘടകം 2022-23 സാമ്പത്തിക വർഷം ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. ഒരു പ്രോജക്ടിന് രണ്ട് ലക്ഷം രൂപ വരെ സഹായം നൽകുന്നു. ഇത് കൂടാതെ, ഞങ്ങളും കൃഷിയിലേക്ക് എന്ന ജനകീയ ക്യാമ്പയിന്റെ ഭാഗമായി പച്ചക്കറി തൈകളും, പച്ചക്കറി വിത്ത് പാക്കറ്റുകളും വിദ്യാലയങ്ങളിൽ കുട്ടികൾക്ക് നൽകി വരുന്നു.<br><br>അംഗീകരിച്ച പ്രോജക്ട് പ്രകാരം കൃഷി ചെയ്തു ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സ്കൂളുകളും സ്ഥാപനങ്ങളും അവരുടെ ആവശ്യം കഴിഞ്ഞ ശേഷം ബാക്കിയുള്ളവ പൊതു വിപണയിൽ വിൽക്കാറുണ്ട്. അതിൽ നിന്നും ലഭിക്കുന്ന വരുമാനം അടുത്ത കൃഷിയിലേക്ക് ഉപയോഗിക്കാവുന്നതുമാണ്. എന്നാൽ പൊതു വിപണിയിൽ വിറ്റ ലാഭ വിഹിതം എടുക്കണമെന്ന പ്രത്യേക നിബന്ധനയൊന്നും മാർഗ്ഗ രേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങൾ നൽകുന്ന പ്രോജക്ട് അടിസ്ഥാനപ്പെടുത്തിയാണ് അംഗീകാരം നൽകുന്നത്. |
| (ബി) | വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും വളർത്തിയെടുക്കാൻ ഈ വർഷം സ്കൂളുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | യുവതലമുറയെ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കാർഷിക സംസ്കൃതി പകർന്ന് കൊടുക്കുന്നതിനും കൃഷിയിലേക്ക് ആകർഷിക്കുന്നതിനു വേണ്ടി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായും കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായും നിലവിൽ പല പദ്ധതി ഘടകങ്ങൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | എല്ലാ ജനങ്ങളെയും പ്രത്യേകിച്ച് സ്കൂൾ വിദ്യാർത്ഥികളെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ക്യാമ്പയിനാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കൃഷി വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനവും, മറ്റ് അനുബന്ധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.<br><br>സംസ്ഥാനത്ത് സ്കൂളുകളിലും (സ്ഥല പരിമിതി കണക്കിലെടുക്കാതെ), മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലിലും മറ്റ് സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങളിലും പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം "സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി" എന്ന മുഖ്യ ഘടകം നടപ്പിലാക്കി വരുന്നു. പ്രോജക്ട് അടിസ്ഥാനത്തിലാണ് ഈ ഘടകം നടപ്പിലാക്കുന്നത്. ഇതിന് വേണ്ടി 2022-23 സാമ്പത്തിക വർഷത്തിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അധ്യാപക-വിദ്യാർത്ഥി പങ്കാളിത്തത്തോടെ കൃഷി പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.<br><br>വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കൃഷിഭവൻ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തി വരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10 രൂപയുടെ 50 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50 രൂപ വിലയുള്ള 150 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധ സംഘടനകൾക്കും, മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം ചെയ്തു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നും തന്നെ പരമാവധി ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കിയത്.<br><br>കൃഷി ചെയ്യുന്നതിൽ മികച്ച പ്രകടനം കാഴ്ച വെക്കുന്ന വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും കൂടാതെ സ്കൂളുകൾക്കും പ്രോത്സാഹനം എന്ന നിലയ്ക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ അവാർഡുകൾ നൽകി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ പട്ടാമ്പി മണ്ഡലത്തിലെ സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | പച്ചക്കറി വികസന പദ്ധതി 2022-2023 ലെ വിദ്യാലയങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി പട്ടാമ്പി മണ്ഡലത്തിലെ വല്ലപ്പുഴ കൃഷി ഭവനിലെ താഴെ പറയുന്ന 11 സ്കൂളുകൾക്കായി 91300/- രൂപ (Rs.8300 x 11) അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 1. കെ.എം.എൽ.പി.സ്കൂൾ, കുരുവട്ടൂർ<br>2. എ.എം.എൽ.പി.സ്കൂൾ, നാലുമൂല<br>3. കെ.സി.എം.യു.പി സ്കൂൾ,ചുങ്കപിലാക്കൽ<br>4. വി.സി.എം.എൽ.പി മേച്ചേരി<br>5. ഒ.എ.എൽ.പി. സ്കൂൾ<br>6. എ.എം.എൽ.പി.സ്കൂൾ, വല്ലപ്പുഴ<br>7. വി.എച്ച്.എച്ച്.എസ്, വല്ലപ്പുഴ<br>8. ജി.എൽ.പി.എസ്, ചെറുകോട്<br>9. ബി.വി.എൽ.പി, ചെറുകോട്, മനയക്കലപ്പടി<br>10. ജി.എച്ച്.എസ്.എസ്,ചൂരക്കോട്<br>11. കെ.വി.എൽ.പി മട്ടായ |

സെക്ഷൻ ഓഫീസർ